# മറിയം, ഈശോയുടെ അമ്മ:
# ദൈവഹിതത്തിന് വിധേയപ്പെടുന്നു
# ലൂക്കാ 01:26-38

## ആമുഖം

ബൈബിളിൽ മറിയത്തെക്കുറിച്ച് വളരെകുറച്ചു വിവരണങ്ങളാണുള്ളത്. ഈ  വിവരണങ്ങൾ വളരെ ഹൃദയസ്പർശിയാണ്. ദൈവഹിതത്തിന് പൂർണ്ണമായും വിധേയപ്പെടുന്ന മറിയം നമുക്ക് ഏറ്റവും വലിയ മാതൃകയാണ്. ഓരോ ക്രിസ്തു വിശ്വാസിയിലും (ദൈവ വിശ്വാസി) അവശ്യം ഉണ്ടായിരിക്കേണ്ടതായ ഒന്നാണ് ദൈവത്തോടു വിധേയത്വം പുലർത്തുക എന്നത്.

I. ഗബ്രിയേൽ മാലാഖ (വാക്യം 26)

II. മറിയം നിർമ്മലയായ കന്യക (വാക്യം 27)

III. ദൈവത്തിന് പ്രിയങ്കരിയായ മറിയം (വാക്യം 28)

IV. മറിയം ഉത്തമ മനുഷ്യത്വമുള്ളവളാണ് (വാക്യങ്ങൾ 29–30)

V. മിശിഹായെ വഹിക്കണമെന്ന് മറിയത്തോട് അരുൾചെയ്യപ്പെട്ടു. (വാക്യ ങ്ങൾ 31–33)

VI. മറിയം അത്ഭുതങ്ങളിൽ വിശ്വാസം ഉള്ളവളാകുന്നു എന്നു പ്രതീക്ഷക്കപ്പെട്ടു. (വാക്യങ്ങൾ 34–35)

VII. ദൈവത്തിനസാധ്യമായി ഒന്നുമില്ലെന്ന് വിശ്വസിക്കാൻ മറിയം ധൈര്യം കാണിച്ചു. (വാക്യങ്ങൾ 36–37)

VIII. മറിയം വിധേയത്വമുള്ളവളായിരുന്നു (വാക്യം 38)

## I. ലൂക്കാ 01:26 ഗബ്രിയേൽ ദൂതന്റെ ദൗത്യം

ദൈവത്താൽ അയക്കപ്പെട്ട ഗബ്രിയേൽ മാലാഖയുടെ രണ്ടാമത്തെ ദൗത്യ നിർവ്വഹണമായിരുന്നു ഈശോയുടെ ജനനത്തെക്കുറിച്ചുള്ള അറിയിപ്പ് (ലൂക്കാ 1:19). ഇതിന്റെ സമയം സൂചിപ്പിച്ചിട്ടുണ്ട്. എലിസബത്തിന്റെ ഗർഭധാരണത്തിന് ആറു മാസത്തിനു ശേഷമാണ് ഗലീലിയിലെ നസ്രത്ത് എന്ന് അത്ര പ്രസക്തമല്ലാത്ത ഗ്രാമത്തിലേയ്ക്ക് ഗബ്രിയേൽ ദൂതൻ അയയ്ക്കപ്പെടുന്നത്. ഗലീലി വിജാതീയരുടെ നാട് എന്ന് വിളിക്കപ്പെട്ടിരുന്നതുപോലെ യഹൂദരല്ലാത്ത ജനതകൾ പാർക്കുന്ന ദേശമായിരുന്നു. ഇസ്രായേലിലെ താരതമ്യേന അപ്രസക്തമായ ഒരു പട്ടണമാണ് നസ്രത്ത്. റോമാക്കരുടെയും അതിനു മുമ്പ് പല ശക്തികളുടെയും കീഴിലാകേണ്ടിവന്ന ജന മാണ് ഗലീലിയർ. യഹൂദരാലും റോമാക്കാരാലും  ഒരേപോലെ അവഗണിക്കപ്പെട്ട പ്രദേശവും ജനവുമാണത്. (യോഹ 1:46; മത്താ 2:28)

***വിചിന്തനം 1:*** ദൈവം ആളിന്റെയോ സ്ഥലങ്ങളുടെയോ മഹത്വം നോക്കുന്നില്ല. ജറുസലേമിലേയ്ക്ക് തന്റെ സന്ദേശം നല്കുന്നതു പോലെയാണ് നസ്രത്തിലേയ്ക്കും ദൈവം നല്കുന്നത് (ലൂക്കാ 1:5–25). ജറുസലേമിൽ പുരോഹിതനായ സഖറിയായ്ക്ക് ദർശനം നല്കിയ ഉടൻതന്നെ നസ്രത്തിലെ മേരി എന്ന ദൈവ വിശ്വാസിയായ മറിയത്തിനും അരുളപ്പാടുണ്ടായി.

***വിചിന്തനം 2:*** ഒരു സ്ഥലമോ പട്ടണമോ ജനതയോ അവിടത്തെ സ്ഥാപനങ്ങളാലും സൗകര്യങ്ങളാലുമല്ല ദൈവത്താൽ മതിക്കപ്പെടുന്നത്. പിന്നെയോ, അവിടുള്ള നീതിമാന്മാരുടെ യോഗ്യതയാലാണ്.

## ലൂക്കാ 01:19 ഗബ്രിയേൽ

ഗബ്രിയേൽ എന്ന വാക്കിനർത്ഥം ദൈവത്തിന്റെ മനുഷ്യൻ, ദൈവത്തിന്റെ നായകൻ, ദൈവത്തിന്റെ ശക്തൻ എന്നൊക്കെയാണ്. ഗബ്രിയേൽ തന്നെക്കുറിച്ചുതന്നെ പറഞ്ഞ രണ്ടു കാര്യങ്ങൾ ശ്രദ്ധിക്കുക:

1. താൻ ദൈവത്തിന്റെ സാന്നിധ്യത്തിൽ നിൽക്കുന്നവനാണ്.
2. താൻ മനുഷ്യർക്ക് ദൈവീക സന്ദേശം നൽകുന്നവനാണ്.

=> ഗബ്രിയേൽ ദാനിയേലിനോട് ഇസ്രായേലിന്റ വീണ്ടെടുപ്പിനെക്കുറിച്ച് പങ്കുവച്ചു. (ദാനിയേൽ 8:16; 9:21 ...)

=> ഈശോയുടെ മുന്നോടിയായി ജനിക്കാനിരിക്കുന്നവന്റെ കാര്യം ഗബ്രിയേൽ സഖറിയായോട് പറഞ്ഞിരുന്നു. (ലൂക്കാ 1:3)

=> മിശിഹായുടെ ജനനത്തിന്റെ മുന്നറിയിപ്പ് ഗബ്രിയേൽ മറിയത്തിന് നല്കി. (ലൂക്കാ 1:26...) □

## മത്തായി 02:23 നസ്രത്ത്

നസ്രത്ത് ഈശോയുടെ മാതാപിതാക്കളായ യൗസേപ്പിന്റെയും മറിയത്തിന്റെയും സ്വന്ത ദേശവും ഈശോയുടെ ബാല്യകാലത്തിന്റെയും രഹസ്യജീവിതത്തിന്റെയും നാടുമാണ്.

ഈശോയ്ക്ക് നസ്രത്തിൽ വളരുമ്പോൾ കുറഞ്ഞത് രണ്ടു നേട്ടങ്ങളുണ്ട്.

1. ചെറിയ കുടുംബങ്ങൾക്കും, കൂട്ടായ്മകൾക്കും, ശാന്തമായ ധ്യാനത്തിനും ഇണങ്ങിയ ശാന്തവും ചെറുതും തിരക്കുകളില്ലാത്തതുമായ നഗരമാണത്.
2. ആധുനികതകളും — കാലികമാറ്റങ്ങളും എത്തിനോക്കുന്ന ഒരു നഗരവുമാണത്. റോമും (വടക്കുഭാഗം) വടക്കേ ആഫ്രിക്കയും (തെക്കുഭാഗം) തമ്മിൽ ബന്ധിപ്പിക്കുന്നതും, കിഴക്കും പടിഞ്ഞാറുമുള്ള വലിയ പട്ടണങ്ങളെ ബന്ധിപ്പിക്കുന്നതുമായ രണ്ടു പ്രധാന പുരാതന പാതകൾ നസ്രത്തിനെ ചുറ്റിയുള്ള മലകളിൽ നിന്നു നോക്കിയാൽ കാണാം. ഈശോ മലമുകളിൽ നിന്ന് ഈ റോഡുകളും അവയിലൂടെ കടന്നുപോകുന്ന യാത്ര ക്കാരെയും ചരക്കുകളെയും യാത്രാ സംഘങ്ങളെയും നിരീക്ഷിച്ചിട്ടുണ്ടാവണം. അങ്ങനെ സ്വദേശീയരും വിദേശീയരുമായ അനേകതരത്തിലുള്ള മനുഷ്യരെയും ദേശങ്ങളെയും നിരീക്ഷിക്കുവാനും പഠിക്കാനും ഈശോയ്ക്ക് ഇടവന്നിട്ടുണ്ട്. ബാല്യകാലത്തു തന്നെ അകലെയുള്ള ദേശങ്ങൾ കാണാൻ അവന്റെ ഹൃദയം വെമ്പൽ കൊണ്ടിട്ടുണ്ടാകണം. നഷ്ടപ്പെട്ടതും എന്നാൽ കണ്ടെത്തേണ്ടതുമായ ഒരു ലോകത്തെക്കുറിച്ചുള്ള വേദനയിൽ അവിടുന്നു തന്റെ ബാല്യകാലത്തിൽ പലപ്പോഴും കരഞ്ഞിട്ടുണ്ടാകും. □

# II. ലൂക്കാ 01:27 നിർമ്മലയായ കന്യകാമറിയം

മറിയം നിർമ്മലയായ കന്യകയായിരുന്നു. തെറ്റായ രീതിയിലുള്ള ഒരു പുരുഷസ്പർശം പോലും അവൾക്കുണ്ടായിട്ടില്ല. ഇത് സംശയത്തിനിടയില്ലാത്ത വിധത്തിൽ വ്യക്തമായി രേഖപ്പെടുത്തി യിട്ടുണ്ട്. അവൾ തന്നെ ഈ യാഥാർത്ഥ്യം സ്ഥിരീകരിച്ചിട്ടുണ്ട്. (വാക്യം 34).

1. 'അൽമ' (alma) എന്ന ഹീബ്രു വാക്ക് പഠിച്ചാൽ മനസിലാകും യഹൂദർ, കന്യകയായ ഒരു ബലഹീന യുവതിയെ സൂചിപ്പിക്കാനാണ് ഈ വാക്ക് ഉപയോഗിക്കുന്നതെന്ന്. പാപ ലാഞ്ചനയില്ലാത്ത കന്യകളായ യുവതികളെ വിളിക്കാൻ ഈ ഹീബ്രു പദം ഉപയോഗി ക്കുന്നു. ബൈബിളിൽ ആറു പ്രാവശ്യം ഈ പദം ഉപയോഗിച്ചിട്ടുണ്ട്. ഇവിടെയൊക്കെ ശുദ്ധിയുള്ള യുവതികളെ സൂചിപ്പിക്കാനാണ് അതുപയോഗിച്ചിരിക്കുന്നത്.

   * ചെറുപ്പക്കാരിയായ റബേക്ക നിശ്ചയമായും കന്യകയായിരുന്നു. (ഉൽപത്തി 24:43). സാഹചര്യങ്ങൾ മുഴുവൻ ഇത് തെളിയിക്കുന്നു.
   * മോശയുടെ ഇളയ സഹോദരിയായ മിറിയാമും ഒരു കന്യകയാണെന്ന് സാഹചര്യങ്ങളിൽ നിന്ന് വ്യക്തമാണ്. (പുറപ്പാട് 2:8).
   * ദൈവാരാധനയിൽ പങ്കെടുക്കാനുള്ള യുവതികളുടെ യോഗ്യത സ്വഭാവശുദ്ധിയാണ് എന്നു സങ്കീർത്തനങ്ങളിൽ കാണാം. (സങ്കീ. 68:25)
   * സോളമന്റെ പ്രീതി നേടിയ യുവതികൾ ശുദ്ധമതികളായിരുന്നു. (ഉത്തമ ഗീതം 1:3)
   * രാജ്ഞികളോടു തുലനം ചെയ്യുന്ന യുവതികളെ ഉത്തമഗീതത്തിൽ കാണാം (ഉത്തമഗീതം 6:8)
   * വ്യഭിചാരികളായ സ്ത്രീകളിൽ നിന്നും നല്ലവരായ യുവതികളെ സുഭാഷിതങ്ങളുടെ പുസ്തകം വേർതിരിക്കുന്നുണ്ട്. (സുഭ 30:19–20).

   അൽമാ എന് പദത്തിന് കന്യക എന്നാണർത്ഥമെന്ന് ഇവയിൽ നിന്നൊക്കെ മനസിലാക്കാം. മിശിഹായുടെ ദൈവത്വത്തെ നിഷേധിക്കാൻ ഏതു ചെറിയ പഴുതുപോലും ഉപയോഗി ക്കുന്ന സഹചര്യമുള്ളതുകൊണ്ട് കന്യകയായ മറിയത്തിൽ നിന്നു തന്നെയാണ് ഈശോ ജനിച്ചതെന്ന് ഊന്നിപ്പറയുന്നു.

   ***വിചിന്തനം 1:*** മനുഷ്യൻ അവിശ്വാസത്തിൽ നിന്നും മാറുകയും പൂർണ്ണ ഹൃദയത്തോടെ മിശിഹായിൽ ശരണപ്പെടുകയും ചെയ്യേണ്ടത് ആവശ്യമാണ്. കാരണം, നമുക്കെല്ലാം വളരെ ചുരുങ്ങിയ സമയമേയുള്ളൂ.

   **യോഹ 03:16** എന്തെന്നാൽ അവനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കുന്നതിനുവേണ്ടി, തന്റെ ഏകജാതനെ നല്കാൻ തക്കവിധം ദൈവം ലോകത്തെ അത്രമാത്രം സ്നേഹിച്ചു.

   **ഹെബ്ര 9:27** മനുഷ്യൻ ഒരു പ്രാവശ്യം മരിക്കണം; അതിനുശേഷം വിധി എന്നു നിശ്ചയിക്കപ്പെട്ടിരിക്കുന്നു.

2. യൗസേപ്പിനോട് വിവാഹവാഗ്ദാനം നടത്തിയവളാണ് മറിയം. ഇക്കാലഘട്ടത്തിലെ മനഃസമ്മതകർമ്മത്തേക്കാളും കൂടുതൽ കെട്ടുറപ്പുള്ളതായിരുന്നു അക്കാലത്തെ വിവാഹം ഉറപ്പിക്കൽ. അത് ഒരു വർഷത്തോളം നീണ്ടുനിൽക്കുന്നു. മറിയത്തിന്റെ കന്യാത്വം ചർച്ച ചെയ്യുമ്പോൾ രണ്ടു കാര്യങ്ങൾ പ്രധാനപ്പെട്ടതാണ്.

a. വിവാഹം ഉറപ്പിച്ചു നില്ക്കുന്ന ഒരു വർഷക്കാലം ലൈംഗികബന്ധം പാടില്ല. എന്നു തന്നെയുമല്ല, മറിച്ചായാൽ വ്യഭിചാരക്കുറ്റത്തിന് കല്ലെറിഞ്ഞ് കൊല്ലപ്പെടേണ്ടിയും വരും.

b. ഈ ഒരു വർഷക്കാലം വളരെ പ്രധാനപ്പെട്ടതാണ്. കാരണം എന്തെങ്കിലും സംശയം തോന്നിയാൽ വിവാഹമോചനം തന്നെയായിരിക്കും പരിണത ഫലം.

3. തന്റെ പുത്രന് മാതാപിതാക്കളാകാൻ തിരഞ്ഞെടുക്കത്തക്ക വിധം വിശുദ്ധരും ദൈവികരും ആയിരുന്നു മറിയവും യൗസേപ്പും. എല്ലാം നിയന്ത്രിക്കുന്നവനായ ദൈവം അധാർമ്മികനായ പുരുഷനെയും സ്ത്രീയെയും തന്റെ പുത്രന് ജന്മം നൽകാനും വളർത്താനും തിരഞ്ഞെടുക്കുകയില്ല.

***വിചിന്തനം 1:*** മറിയത്തിന്റെ ശുദ്ധതയെ സംബഹന്ധിച്ച് രണ്ടു സുപ്രധാന പാഠങ്ങളുണ്ട്.

1) വിവാഹം നടക്കുന്നതുവരെ പുരുഷന്മാരും സ്ത്രീകളും കന്യാത്വം കാത്തുപരിപാലിക്കാൻ ബാദ്ധ്യസ്ഥരാണ്. അതു ദൈവഹിതമാണ്.

2) തന്റെ സുവിശേഷ ദൗത്യം നിർവ്വഹിക്കുന്നതിനും ലോകത്തിൽ തന്റെ അതിപ്രധാനപ്പെട്ട ആവശ്യങ്ങൾ നിറവേറ്റുന്നതിനുമായി വിശുദ്ധരായ സ്ത്രീപുരുഷന്മാരെ ദൈവം അന്വേഷിക്കുന്നുണ്ട്.

**1 തെസ 4:3–4, 7** നിങ്ങളുടെ വിശുദ്ധീകരണമാണ് ദൈവം അഭിലഷി ക്കുന്നത് — അസാന്മാർഗ്ഗികതയിൽ നിന്നു നിങ്ങൾ ഒഴിഞ്ഞുമാറണം. നിങ്ങളോരോരുത്തരും സ്വന്തം ശരീരത്തെ വിശുദ്ധിയിലും മാന്യതയിലും കാത്തുസൂക്ഷിക്കേണ്ടതെങ്ങനെയെന്ന് അറിയണം. അശുദ്ധിയിലേയ്ക്കല്ല, വിശുദ്ധിയിലേയ്ക്കാണ് ദൈവം നമ്മെ വിളിച്ചിരിക്കുന്നത്.

**1 കോറി 7:1–2** ഇനി നിങ്ങൾ എഴുതിച്ചോദിച്ച കാര്യങ്ങളെപ്പറ്റി പ്രതിപാദിക്കാം. സ്ത്രീയെ സ്പർശിക്കാതിരിക്കുകയാണ് പുരുഷനു നല്ലത്. എന്നാൽ വ്യഭിചാരം ചെയ്യാൻ പ്രലോഭനങ്ങൾ ഉണ്ടാകുമെന്നതുകൊണ്ട് പുരുഷനു ഭാര്യയും സ്ത്രീയ്ക്കു ഭർത്താവും ഉണ്ടായിരിക്കട്ടെ.

**എഫേ 5:3** നിങ്ങളുടെയിടയിൽ വ്യഭിചാരത്തിന്റെയും യാതൊരുവിധ അശുദ്ധിയുടെയും അത്യാഗ്രഹത്തിന്റെയും പേരുപോലും കേൾക്കരുത്. അങ്ങനെ വിശുദ്ധർക്കു യോജ്യമായ രീതിയിൽ വർത്തിക്കുവിൽ.

**1 തിമോ 5:22** ആർക്കെങ്കിലും കൈവയ്പു നല്കുന്നതിൽ തിടുക്കം കൂട്ടുകയോ, മറ്റൊരാളുടെ പാപങ്ങളിൽ പങ്കുചേരുകയോ അരുത്. നീ വിശുദ്ധി പാലിക്കണം.

**തീത്തൂസ് 2:3–5** പ്രായം ചെന്ന സ്ത്രീകൾ ആദരപൂർവ്വം പെരുമാറുകയും പരദൂഷണം ഒഴിവാക്കുകയും മദ്യപാനത്തിന് അടിമകളാകാതിരിക്കുകയും ചെയ്യാൻ അവരെ ഉപദേശിക്കുക. അവർ നല്ല കാര്യങ്ങൾ പഠിപ്പിക്കട്ടെ. ഭർത്താക്കന്മാരെയും കുട്ടികളെയും സ്നേഹിക്കാനും വിവേകവും ചാരിത്ര്യശുദ്ധിയും കുടുംബജോലികളിൽ താല്പര്യവും ദയാശീലവും ഭർത്താക്കന്മാരോടു വിധേയത്വവും ഉള്ളവരാകാൻ യുവതികളെ അവർ പരിശീപ്പിക്കട്ടെ. അങ്ങനെ ദൈവവചനത്തെ അപകീർത്തിയിൽനിന്ന് ഒഴിവാക്കാൻ അവർക്കു കഴിയും.

**മത്തായി 5:27–28** വ്യഭിചാരം ചെയ്യരുത് എന്നു കല്പിച്ചിട്ടുള്ളത് നിങ്ങൾ കേട്ടിട്ടുണ്ടല്ലോ. എന്നാൽ ഞാൻ നിങ്ങളോടു പറയുന്നു: ആസക്തിയോടെ സ്ത്രീയെ നോക്കുന്നവൻ ഹൃദയത്തിൽ അവളുമായി വ്യഭിചാരം ചെയ്തുകഴിഞ്ഞു.

**വെളിപാട് 14:4** അവർ സ്ത്രീകളോടു ചേർന്ന് മലിനരാകാത്തവരാണ്. അവർ ബ്രഹ്മചാരികളുമാണ്. അവരാണ് കുഞ്ഞാടിനെ അതു പോകുന്നിടത്തെല്ലാം അനുഗമിക്കുന്നവർ. അവർ ദൈവത്തിനും കുഞ്ഞാടിനുമുള്ള ആദ്യഫലമായി മനുഷ്യരിൽ നിന്നു വിലയ്ക്കു വാങ്ങപ്പെട്ടവരാണ്.

## ലൂക്കാ 01:27 ഈശോയുടെ അമലോത്ഭവം

മിശിഹായുടെ തിരുജനനത്തെക്കുറിച്ച് ആഴത്തിലും ആത്മാർത്ഥമായും മനുഷ്യൻ ചിന്തിക്കേണ്ടതുണ്ട്. രണ്ടും പ്രധാനപ്പെട്ടതാണ്: ആത്മാർത്ഥത ഉണ്ടാവണം, ഒപ്പം ചിന്ത ഏകാഗ്രവുമായിരിക്കണം. ചോദിക്കാവുന്ന ഒരു ചോദ്യമുണ്ട്. ദൈവപുത്രൻ ലോകത്തി ലേയ്ക്കു വരാൻ ഒരു കന്യക ആവശ്യമായിരിക്കുന്നുതെന്തിന്? അല്ലെങ്കിൽ ലളിതമായി പറഞ്ഞാൽ മിശിഹാ കന്യകയിൽ നിന്നു ജനിച്ചത് എന്തുകൊണ്ട്? ഒരു കന്യാജനനം (Virgin Birth) അത്യാവശ്യമാണോ? (വാക്യം 34).

1. ദൈവപുത്രന് ജനിക്കാൻ ഒരു അത്ഭുതം ആവശ്യമാണ്. സാധാരണ മനുഷ്യർ ജനിക്കുന്നതുപോലെ ഒരു പ്രകൃത്യാൽ ഉള്ള പ്രക്രിയവഴി ദൈവപുത്രന്റെ ജനനം പാടില്ല. മറ്റു മനുഷ്യർ ജനിക്കുന്നതുപോലെ ദൈവപുത്രൻ ജനിക്കേണ്ടിവന്നിരുന്നാൽ, ഇത്തരത്തിലുള്ള ജനനം വഴി ക്രിസ്തു വെറും സാധാരണ മനുഷ്യനായി മാത്രമെ കാണപ്പെടുകയുള്ളൂ. എല്ലാവരും സ്വഭാവികമായും ചിന്തിക്കും: സ്ത്രീപുരഷ സംസർഗ്ഗത്തിലൂടെ ലോകത്തിൽ ജനിക്കുന്നവരെല്ലാം മനുഷ്യരാണല്ലോ. അങ്ങനെ യല്ലാതിരിക്കാൻ പറ്റില്ല. മിശിഹായുടെ കാര്യമങ്ങനെയല്ല. മിശിഹാ ജനനത്തിനും ഗർഭധാരണത്തിനും മുമ്പേ ഉള്ളവനാണ്. അതുകൊണ്ട് ദൈവത്തിന് തന്റെ പുത്രനെ ലോകത്തിലേയ്ക്ക് അയക്കുന്നതിന് മറ്റൊരു വഴി തിരഞ്ഞെടുക്കേണ്ടതുണ്ട്. മിശിഹായ്ക്ക് ഒരു ശരീരം മാത്രമെ ആവശ്യമുള്ളു. ഈശോ തന്നെ പിതാവായ ദൈവത്തോടു പ്രാർത്ഥിക്കുന്നുണ്ടല്ലോ "എനിക്കായി നീ ഒരു ശരീരം സജ്ജമാക്കി" എന്ന് (ഹെബ്ര 10:5).

2. ദൈവത്തിന്റെ പുത്രന് ജനിക്കാൻ ദൈവത്തിന്റെയും സ്ത്രീയുടെയും കൂട്ടായ പ്രവർ ത്തനം ആവശ്യമായിരുന്നു. ദൈവത്തിന്റെ പുത്രന് മനുഷ്യനായിത്തീരാൻ മനുഷ്യ സദൃശ്യമെടുക്കാനും ഒരു സ്ത്രീയിൽ നിന്ന് ഗർഭം ധരിക്കുന്ന പ്രക്രിയ ആവശ്യമാണ്. എന്തുകൊണ്ട്? കാരണം മനുഷ്യരെല്ലാം സ്ത്രീയിലൂടെ വരുന്നു. അതുകൊണ്ട് തന്റെ പുത്രനെ ലോകത്തിലേയ്ക്ക് ഒരു മനുഷ്യനായി അയയ്ക്കാൻ, ദൈവം തന്റെ ദൈവിക ശക്തിയാൽ മറിയം ഗർഭം ധരിക്കുന്ന അത്ഭുതം ചെയ്തു. അയക്കപ്പെട്ട വചനമാകുന്ന ഈശോയെ പരിശുദ്ധാത്മശക്തിയാൽ മറിയം ഗർഭം ധരിക്കുന്നു.

   ***വിചിന്തനം 1:*** ഇവിടെ ഒരു ചോദ്യത്തിനു പ്രസക്തിയുണ്ട്. മറിയം അത്ഭുതകരമായി ഗർഭം ധരിക്കാൻ ദൈവം ഇടയാക്കിയെന്ന് വിശ്വസിക്കാൻ വലിയ പ്രയാസമായിരിക്കു ന്നതെന്തുകൊണ്ട്? ദൈവം അനാദിയിലേ ഉണ്ടെന്നും എന്തെന്നാൽ അവനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കുന്നതിനുവേണ്ടി, തന്റെ ഏകജാതനെ നല്കാൻ തക്കവിധം ദൈവം ലോകത്തെ അത്രമാത്രം സ്നേഹിച്ചു എന്നും (യോഹ 3:16) വിശ്വസിക്കാൻ എന്താണ് പ്രയാസം?

   ***വിചിന്തനം 2:*** ഈ കാലഘട്ടത്തിൽ ജനനപ്രക്രിയയിൽ (കൃത്രിമ തരത്തിൽ) ശാസ്ത്ര ത്തിനുള്ള പങ്ക് വളരെയേറെയെന്ന് എല്ലാവർക്കും അറിയാവുന്ന വസ്തുതതന്നെ. ദൈവസൃഷ്ടിയായ മനുഷ്യനിലൂടെ ശാസ്ത്രം ഇത്രയേറെ കാര്യങ്ങൾ ചെയ്യുന്നു വെങ്കിൽ പരമോന്നത ശക്തിയായ ദൈവത്തിന് അതിനെക്കാൾ ഏറെ അവിശ്വസനീയ

മായ കാര്യങ്ങൾ ചെയ്യാൻ ആവില്ലേ? കന്യാത്വം നഷ്ടപ്പെടാതെതന്നെ ദൈവപുത്രനെ ഗർഭം ധരിക്കുവാൻ മറിയത്തെ സർവ്വശക്തൻ ഒരുക്കിയ വിധം, വെറും മനുഷ്യരായ നമ്മുക്കു മനസ്സിലാക്കുവാൻ അവിടുത്തെ ശക്തിയിലും ജ്ഞാനത്തിലും വിശ്വാസ മുണ്ടാകണം. സംശയങ്ങൾക്കു കാരണം നമ്മുടെ വിശ്വാസത്തിന്റെ കുറവാണ്. “കാരണം, ദൈവത്തിന് അസാധ്യമായി ഒന്നുമില്ല”. (ലൂക്കാ 01:37; 18:27; ഹെബ്രാ 11:6, ഇത് എല്ലാവർക്കുമുള്ള മുന്നറിയിപ്പാണ്).

3. മാനുഷീകവും ദൈവികവുമായ തരത്തിലുള്ള ഒരു അത്ഭുതമാണ് ദൈവപുത്രന്റെ ജനനത്തിൽ കാണുന്നത്.

=> അവന് മനുഷ്യസ്വഭാവം സ്വീകരിക്കാൻ ഒരു സ്ത്രീയിൽ നിന്നു ജനിക്കണം. (ഹെബ്രാ 2:14–18).

=> മനുഷ്യന്റെ ഉത്ഭവപാപത്തിൽ — തിന്മയിൽ പങ്കു പറ്റാതിരിക്കാൻ ദൈവത്തിന്റെ അത്ഭുത പ്രവൃത്തിയിലൂടെ വേണമായിരുന്നു അവനു ജനിക്കാൻ. ഉത്ഭവപാപത്തിൽ നിന്നും മോചിതരായി മരണമില്ലാതെ ജീവിക്കുക എന്നത് നമ്മെ സംബന്ധിച്ചു വലിയ മാരകാ വസ്ഥയായിരിക്കും. ഇതെപ്പറ്റി ഒന്നു ചിന്തിച്ചുനോക്കൂ. പാപങ്ങളിൽ നിന്നും രക്ഷ നേടാൻ പാപമില്ലാത്ത രക്ഷകനിലായിരിക്കണം നമ്മുടെ വിശ്വാസം അർപ്പിക്കേണ്ടത്. നമ്മുടെ അധഃപതിച്ച അവസ്ഥയിൽ നിന്നും നമ്മെ മോചിതരാക്കാൻ നമ്മെപ്പോലെ ഒരുവനാകാൻ അവൻ മനുഷ്യ രൂപമെടുത്തു. (*ദൈവപുത്രനായ ഈശോയുടെ ജനനം*: മത്താ 1:16 കാണുക.)

4. ദൈവസുതന്റെ ജനനത്തിന് ഒരു സമ്പൂർണ്ണത ആവശ്യമുണ്ട്. എന്തു കൊണ്ട്? കാരണം അവിടുന്നു കുറവുകളില്ലാത്ത ഒരു പരിപൂർണ്ണ ജീവിതമാണ് നയിക്കേണ്ടത്. നീതി അതായത് പരിപൂർണ്ണത സ്ഥാപിക്കപ്പെടണം. സർവ്വ മനുഷ്യർക്കും പരിപൂർണ്ണതയും നീതിയും നേടിത്തരാൻ ഒരു മാതൃകാ ജീവിതം ഉണ്ടാവണം. ആത്മാർത്ഥമായി ചിന്തിച്ചാൽ മനസിലാകും — പരിപൂർണ്ണനായി ഒരു മനുഷ്യനുമില്ല. മനുഷ്യൻ നിസ്സാരനാണ്. മനുഷ്യനു സമ്പാദിക്കാൻ കഴിഞ്ഞത് മരണമാണ്.

എന്നാൽ ദൈവം പ്രവർത്തിച്ചു. മനുഷ്യന് പൂർണ്ണതയും നീതിയും ഉറപ്പാക്കാൻ ദൈവം തന്നെ എല്ലാം ചെയ്തു. പാപത്തിൽ നിന്നും മരണത്തിൽ നിന്നും അവിടുത്തെ ജനത്തെ രക്ഷിക്കാനാവശ്യമായ പ്രവൃത്തികളും നടപടികളുമെല്ലാം ദൈവം തന്നെ നടത്തി. ആദ്യം മുതൽ അവസാനം വരെ, ജനനം (സൃഷ്ടി) മുതൽ മഹത്വീകരണം വരെ എല്ലാം ദൈവം ചെയ്തു. വെറും ഒരു സാധാരണ സ്ത്രീപുരുഷ ബന്ധത്തിലൂടെയല്ല ദൈവം തന്നെ ഏകപുത്രനെ ലോകത്തിലേക്കയച്ചത്. കന്യകാമറിയത്തിലൂടെ അത്ഭുത കരമായിട്ടാണ് ദൈവപുത്രൻ ജനിച്ചത്. ഈശോ-മിശിഹാ അങ്ങനെ ദൈവമനുഷ്യനാണ്. ഇത് കുറഞ്ഞത് നാലു കാര്യങ്ങൾ പറഞ്ഞുതരുന്നു.

a. ദൈവമനുഷ്യനായ്തുകൊണ്ട് മനുഷ്യനെയും ദൈവത്തെയും അനുരഞ്ജിപ്പിക്കാൻ ക്രിസ്തുവിന് കഴിഞ്ഞു. അവന് പാപം ചെയ്യാതിരിപ്പാനുള്ള കഴിവും ശേഷിയുമുണ്ട് (*ദൈവപുത്രനായ ഈശോ മിശിഹായുടെ ജനനം*: മത്തായ 1:16 കാണുക). ഒരിക്കലും തിന്മ ചെയ്യാതെയും എപ്പോഴും ശരിയായത് തിരഞ്ഞെടുത്തും, നീതിപൂർവ്വം ജീവിക്കാൻ

അവന്റെ ദൈവസ്വഭാവം അവനെ ശക്തിപ്പെടുത്തി. (ഹെബ്രാ 5:8; 2 കോറി 5:21). പാപമില്ലാതെ ജീവിച്ച് എല്ലാ മനുഷ്യർക്കും പ്രയോജനപ്പെടുന്ന ഒരു മാതൃകാനീതി സ്ഥാപിക്കാൻ മിശിഹായ്ക്കു കഴിഞ്ഞു.

b. ദൈവമനുഷ്യനായതുകൊണ്ട് എല്ലാ മനുഷ്യരുടെയും പാപങ്ങളും അവയ്ക്കുള്ള ശിക്ഷയും താങ്ങാൻ മിശിഹായ്ക്കു കഴിഞ്ഞു. അവൻ മരിച്ചത് പരിപൂർണ്ണ മനുഷ്യനായിട്ടാണ്. അതുകൊണ്ട് അവന്റെ മരണം എല്ലാ മനുഷ്യർക്കും വേണ്ടിയുള്ളതും എല്ലാവരെയും രക്ഷിക്കാൻ പോരുന്നതുമായിരുന്നു.

c. ദൈവമനുഷ്യനായതുകൊണ്ട് ക്രിസ്തുവിന് മരിച്ചവരിൽനിന്ന് ഉയിർക്കാൻ കഴിഞ്ഞു (റോമ 1:3-4). കുറവില്ലാത്തതും വിശുദ്ധവുമായ ജീവിതം നയിച്ച് അവൻ പരിപൂർണ്ണ മനുഷ്യനായി അങ്ങനെ എല്ലാ മനുഷ്യരുടെയും നീതീകരണത്തിനായിട്ടുള്ളതായിരുന്ന അവന്റെ ഉത്ഥാനം.

d. ദൈവമനുഷ്യനായതുകൊണ്ട് സ്വർഗ്ഗത്തിൽ ദൈവസാന്നിദ്ധ്യത്തിൽ പിതാവിന്റെ വലതു ഭാഗത്തിരിക്കാൻ ക്രിസ്തുവിനെ മഹത്വപ്പെടുത്തി. എല്ലാ മനുഷ്യർക്കും സ്വർഗ്ഗത്തിലേയ്ക്കുള്ള വഴി തുറക്കപ്പെടുകയാണ്, അവന്റെ സ്വർഗ്ഗപ്രവേശം അഥവാ മഹത്വീകരണം വഴി സാധിച്ചത്.

5. ദൈവപുത്രന്റെ ജനനത്തിന് സൃഷ്ടിസ്വഭാവമുള്ള ദൈവവചനം ആവശ്യമായിരുന്നു. ദൈവം തന്റെ വചനത്തിലൂടെയാണ് ലോകത്തെ സൃഷ്ടിച്ചത്. ദൈവം എപ്പോഴും സൃഷ്ടിക്കുന്നത് തന്റെ വചനത്താൽ മാത്രമാണ്. അതുകൊണ്ട്.....

* തന്റെ പുത്രനായി ഒരു ശരീരം സൃഷ്ടിച്ചപ്പോഴും വചനം ഉപയോഗിച്ചു.

* തന്റെ പുത്രനെ ലോകത്തിലേയ്ക്കയച്ചതും വചനം ഉച്ചരിച്ചാണ്. മനുഷ്യന്റെ നവ ജീവിതത്തിന്റെയും പുനഃസൃഷ്ടിയുടെയും കാര്യത്തിലും ഇതു തന്നെയാണ് നടക്കുന്നത്. ദൈവവചനത്താലാണ്, മനുഷ്യന്റെ 'വീണ്ടും ജനനവും' നടക്കുന്നത്. ഈ ആത്മീയ ജനനം, — പുനഃസൃഷ്ടി — കാണാനോ അനുഭവിക്കാനോ സ്പർശിക്കാനോ സാധിക്കില്ല. ശാരീരികമായി നമുക്കിതിന് സാധിക്കില്ലെങ്കിലും പുനഃസൃഷ്ടി നടക്കുന്നുണ്ട്. ഇത് ദൈവവചനം വഴിയാണ് സാധിക്കുന്നത് (1 പത്രോസ് 1:23 കാണുക).

6. ദൈവപുത്രന്റെ ജനനത്തിന് കന്യകയിൽ നിന്ന് പാപമില്ലാതെയുള്ള ജനനം ആവശ്യമായിരുന്നു. കാരണം അവൻ ദൈവത്തിന്റെ ഏകജാതനാണ്. അവനിൽ ദൈവത്വത്തിന്റെ സ്വഭാവവും പൂർണ്ണത മുഴുവനും വസിക്കുന്നു. (ഫിലി 2:6-7; കൊളോ. 2:9). അതുകൊണ്ട് അവന്റെ ജനനം വ്യത്യസ്ത രീതിയിലുമായിരുന്നു. അവന്റെ അസ്ഥിത്വത്തിൽ തന്നെ അവൻ വ്യത്യസ്തനായതുകൊണ്ട് മറ്റു മനുഷ്യരെപ്പോലെ ലോകത്തിൽ ജാതനാകാതെ വ്യത്യസ്ത രീതിയിൽ ജനിക്കണം, അവന്റെ ദൈവസ്വഭാവം വെളിവാക്കിക്കൊണ്ട്, എന്നാൽ മനുഷ്യസ്വഭാവം സ്വീകരിക്കുന്നു എന്നു വെളിപ്പെടുത്തിക്കൊണ്ടും വേണമായിരുന്നു അവനു ജനിക്കാൻ. ഇതു വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്. മാനുഷിക രീതിയും ദൈവികഭാവവും അവന്റെ ജനനത്തിൽ ഉൾപ്പെടേണ്ടതുണ്ടായിരുന്നു. എന്തുകൊണ്ട്? കാരണം ദൈവപുത്രന് താൻ ദൈവ പുത്രനാണെന്ന് അവന്റെ ജനനത്തിൽ തന്നെ പ്രഘോഷിക്കേണ്ടിയിരുന്നു.

=> ദൈവപുത്രനായ അവനിൽ ദൈവത്വമില്ലാതെ അവനിൽ രക്ഷയില്ല.

=> അവൻ ദൈവപുത്രനാണെന്നു അവന്റെ അസ്ഥിത്വത്തിൽ തന്നെ പ്രഘോഷിക്കപ്പെടാതെ ആർക്കും രക്ഷയില്ല.

ദൈവപുത്രൻ ആയിരിക്കുകയും അങ്ങനെ പ്രഘോഷിക്കപ്പെടുകയും ചെയ്താൽ മാത്രമേ മനുഷ്യന് രക്ഷപെടാൻ സാധിക്കുകയുള്ളൂ. നമ്മൾ രക്ഷിക്കപ്പെടണമെങ്കിൽ ദൈവപുത്രൻ ഉണ്ടായിരിക്കുകയും അവനിൽനിന്നും നാം കേൾക്കുകയും വേണം. അവനും അവന്റെ സന്ദേശവും, രണ്ടും പ്രധാനപ്പെട്ടവയാണ്. അവന്റെ കന്യാജനനം തന്നെ അവൻ ദൈവത്തിന്റെ പുത്രനാണെന്നും, ദൈവത്തിന്റെ ഏക പുത്രനാണെന്നും, ദൈവത്തിന്റെ അത്ഭുതകരമായ ഇടപെടൽ വഴിയാണ് ഈ ജനനം നടന്നതെന്നും പ്രഘോഷിക്കുകയാണ്.

7. ദൈവപുത്രന്റെ ജനനത്തിന് ഒരു രണ്ടാം ആദം (രണ്ടാം മനുഷ്യൻ) ആവശ്യമായിരുന്നു.

* ആദ്യ ആദത്തെപ്പോലെതന്നെ പ്രകൃതിദത്തമായ രീതിയിൽ (മറിയത്തിന്റെ ശരീരം) ദൈവവചനം വഴിയാണ് ക്രസ്തുവും ജന്മം എടുത്തത്.

* ആദ്യ ആദത്തിന് കഴിയാതെ പോയത് സാധിക്കാൻ വേണ്ടിയാണ് രണ്ടാം ആദം എല്ലാ മനുഷ്യർക്കും തങ്ങളുടെ പ്രതിനിധി, ഒരു മാതൃക മനുഷ്യൻ, ഒരു പൂർണ്ണ മനുഷ്യൻ ആവണമെന്നത് ആവശ്യമായിരുന്നു.

* ആദ്യ ആദത്തിന് ആയിത്തീരാൻ കഴിയാത്തത്: എല്ലാ മനുഷ്യരുടെയും പാപപരിഹാര ത്തിനായി സർവ്വ നീതിയും പരിപൂർണ്ണതയുമുള്ള ദൈവസ്നേഹവും അനുസരണവും വഴി പരിപൂർണ്ണ മനുഷ്യനാകാനുള്ള ജനനം ആയിരുന്നു ദൈവപുത്രന്റേത്.

* ആദ്യ ആദം മനുഷ്യർക്കു കൈമാറാൻ പരാജയപ്പെട്ടുപോയത് നികത്താൻ വേണ്ടി യുള്ളതായിരുന്നു യേശുവിന്റെ ജനനം: എല്ലാ മനുഷ്യർക്കും ആശ്രയിക്കാവുന്ന പിന്തുടരാവുന്ന ദൈവത്തിലേയ്ക്കുള്ള വഴി, ദൈവത്തിന്റെ സത്യം, ദൈവത്തിന്റെ ജീവൻ എന്നിവ (യോഹ 14:6).

* ആദ്യ ആദം മനുഷ്യർക്കു നീതീകരണ സ്വഭാവവും ജീവനും ജീവന്റെ സമൃദ്ധിയും നിത്യജീവനും കൈമാറുവാൻ പരാജയപ്പെട്ടു. (റോമ 5:15–19; യോഹ 10:10 കാണുക)

8. എന്തുകൊണ്ടാണ് വിവാഹിതരേയൊ, വിവാഹിതരല്ലാത്തവരേയൊ തെരഞ്ഞെടുക്കാതെ, ദൈവപുത്രന്റെ ജനനത്തിനായി വിവാഹ വാഗ്ധാനം ചെയ്തവരെ അവിടുന്നു തെര ഞ്ഞെടുത്തത്?

=> വിവാഹിതയല്ലെങ്കിൽ പരപുരുഷബന്ധം വഴിയാണെന്നുള്ള ചോദ്യങ്ങളൊക്കെ ഉയരുകയും ക്രിസ്തുവിനും അവന്റെ പിൻഗാമികൾക്കും അത് പിന്നീട് പരിഹാസ വിഷയമാവുകയും ചെയ്യും.

=> വിവാഹം കഴിഞ്ഞ സ്ത്രീ ആണെങ്കിൽ അവൾ കന്യകയല്ലെന്നുള്ളതിനാൽ ദൈവ പുത്രൻ കന്യകയിൽ നിന്നു ജനിക്കണം എന്ന പ്രവചനത്തിന് വിരുദ്ധമാകും.

വിവാഹവാഗ്ദാനം കഴിഞ്ഞിരിക്കുന്ന അവസ്ഥയാണ്, ദൈവത്തിന് തന്റെ പുത്രനെ ഈ ലോകത്തിലേയ്ക്കയ്ക്കാൻ ഉചിതമായത് (ലൂക്കാ 1:27 കാണുക). യഹൂദസമൂഹം വിവാഹവാഗ്ദാനത്തെ വിവാഹത്തിനൊരുക്കമായ വളരെ പ്രധാനപ്പെട്ട കാര്യമായി കണക്കാക്കുന്നു എന്നതുതന്നെ തന്റെ പുത്രന്റെ വരവിന് ദൈവം ലോകത്തെ എത്രമാത്രം ഒരുക്കി എന്നത് കാണിക്കുന്നു. (*സമയത്തിന്റെ പൂർണ്ണത*, ഗലാ 4:4 കാണുക).

**ഗലാ 4:4** എന്നാൽ കാലസമ്പൂർണ്ണത വന്നപ്പോൾ ദൈവം തന്റെ പുത്രനെ അയച്ചു. അവൻ സ്ത്രീയിൽ നിന്ന് ജാതനായി. നിയമത്തിന് അധീനനായി ജനിച്ചു. □

## മത്തായി 01:16
## ദൈവപുത്രനായ യേശുക്രിസ്തുവിന്റെ ജനനം

*യാക്കോബ് മറിയത്തിന്റെ ഭർത്താവായ ജോസഫിന്റെ പിതാവായിരുന്നു. അവളിൽ നിന്നു ക്രിസ്തു എന്നു വിളിക്കപ്പെടുന്ന യേശു ജനിച്ചു.* ***മത്തായി 01:16***

'ഇന്നയാളുടെ പിതാവായിരുന്നു' എന്ന പ്രയോഗം മാറുന്നത് ശ്രദ്ധിക്കുക. ഈശോ മറിയത്തിൽ നിന്നാണ്, യൗസേപ്പിൽ നിന്നല്ല ജനിക്കുന്നത്. യൗസേപ്പ് മറിയത്തിന്റെ ഭർത്താവാണ്, എന്നാൽ യൗസേപ്പിൽ നിന്നല്ല ഈശോ ജനിക്കുന്നത്. അവൻ പരിശുദ്ധാത്മാവാലാണ് മറിയത്തിലൂടെ ജനിക്കുന്നത്.

ഈ സത്യം വളരെ പ്രധാനപ്പെട്ട ഒരു കാര്യത്തിന് ഊന്നൽ നൽകുന്നു: ഈശോ ഒരു മനുഷ്യനിൽ നിന്നല്ല, പിന്നെയോ പരിശുദ്ധാത്മാവിൽ നിന്നാണ് ജനിച്ചത്. മറിയത്തിന്റെ ഉദരത്തിലാണ് അവൻ ഗർഭം ധരിക്കപ്പെട്ടത്, എങ്കിലും അവൻ ദൈവീകനാണ്. അവൻ ദൈവ-മനുഷ്യനാണ് — പൂർണ്ണ ദൈവവും പൂർണ്ണ മനുഷ്യനും. അതിന്റെ പ്രധാന പ്രസക്തി ഇതാണ്; ദൈവമായിരിക്കെ അവന് പാപം ചെയ്യാതിരിക്കാനുള്ള ശേഷിയുണ്ട്. മറ്റു മനുഷ്യരെല്ലാം ഒരു മാനുഷിക പിതാവിൽ നിന്നും മാനുഷിക അമ്മയിൽ നിന്നും ആണ് ജനിക്കുന്നതെന്നതിനാൽ പാപ ലാഞ്ചനയുള്ള മനുഷ്യസ്വഭാവത്താൽ മാലിന്യമേശുന്നവരാണ്. അതുകൊണ്ട് യേശുവെന്ന ഒരു മനുഷ്യക്കുഞ്ഞ് മനുഷ്യസ്വഭാവത്തിൽ തന്നെ പാപം ചെയ്യാതിരിക്കാൻ പറ്റാത്ത രീതിയിലാണ് ജനിക്കുന്നത്. ഈശോ മിശിഹായ്ക്ക് പരിശുദ്ധാത്മാവാൽ ദൈവത്തിൽ നിന്നുള്ള ഏക ജാതനെന്ന നിലയിൽ പരിപൂർണ്ണവും നീതിപൂർവ്വകവുമായ ജീവിതം നയിക്കാൻ കഴിയും. പാപം ഒരിക്കലും ചെയ്യാതിരിക്കാനുള്ള ശേഷി ഈശോയ്ക്കുണ്ട്.

എന്നിരുന്നാലും മനുഷ്യനെന്ന നിലയിൽ പാപം ചെയ്യാനും വേദനയും സങ്കീർണ്ണതയും പ്രേരണയും ഈശോമിശിഹായ്ക്കുണ്ടായി. അവന് പാപം ചെയ്യാമായിരുന്നു. (യോഹ 6:38)

എന്നാൽ ഈ രണ്ടു സാധ്യതകൾക്കിടയിൽ ഒരിക്കലും പാപം ചെയ്യാതിരിക്കാനുള്ള ശേഷിയാണ് അവൻ ഉപയോഗപ്പെടുത്തിയത്. അവൻ സഹനത്തിലൂടെ അനുസരണമെന്ന പുണ്യം അഭ്യസിച്ചു (ഹെബ്രാ 5:8). അവൻ പ്രലോഭനത്തിന് ഒരിക്കലും വശപ്പെടുകയോ പാപം ചെയ്യുകയോ ചെയ്തില്ല (2 കോറി 5:21). അങ്ങനെ എല്ലാ മനുഷ്യർക്കും അവരുടെ രക്ഷ കണ്ടെത്താവുന്ന പൂർണ്ണതയുള്ള ഒരു മാതൃകാപരമായ മനുഷ്യനായി അവൻ ആയിത്തീർന്നു. □

## ഗലാത്തിയാ 04:04 സമയത്തിന്റെ പൂർണ്ണത

*എന്നാൽ കാലസമ്പൂർണത വന്നപ്പോൾ ദൈവം തന്റെ പുത്രനെ അയച്ചു. അവൻ സ്ത്രീയിൽനിന്നു ജാതനായി; നിയമത്തിന് അധീനനായി ജനിച്ചു.* ***ഗലാത്തിയാ 04:04***

ക്രിസ്തുവിന്റെ ലോകത്തിലേയ്ക്കുള്ള വരവ് യാദൃശ്ചികമല്ല, ദൈവം മുൻകൂട്ടി നിശ്ചയിച്ച സമയത്തുതന്നെയാണ്. ദൈവത്താൽ പ്രത്യേകമായി ക്രമീകരിക്കപ്പെട്ട സമയത്തിന് ഒരു ദിവസം മുമ്പോ പിമ്പോ അല്ല അവൻ വന്നത്. (മർക്കോ 1:15 കാണുക). രക്ഷിതാക്കൾക്കായി പിതാവിനാൽ നിശ്ചയിക്കപ്പെട്ടിരിക്കുന്നത്രയും സമയം അവൻ അവരുടെ സംരക്ഷണയിലായിരുന്നു. (ഗലാ 4:2). ദൈവം മാത്രമാണ് ക്രിസ്തുവിന്റെ വരവിനുള്ള സമയ പൂർണ്ണത നിശ്ചയിച്ചത്. ക്രിസ്തു ജനിച്ചത്, ഒരു പ്രത്യേക വ്യക്തിയിൽ നിന്നും പ്രത്യേക സമയത്ത് പ്രത്യേക രീതിയിൽ (മനുഷ്യാവതാരം) പ്രത്യേക സംവിധാനത്തിലൂടെയാണ് (നിയമവിധേയനായി). മനുഷ്യരെ രക്ഷിക്കാൻ ഉള്ള സംവിധാനത്തിന് അവൻ വിധേയനായപ്പോഴുള്ള അസ്വസ്ഥതയും ഉത്കണ്ഠയും അവൻ പങ്കുവച്ചു. ലോകം അത്ഭുതകരമായി അവന്റെ വരവിനായി ഒരുക്കപ്പെട്ടിരുന്നു.

1. നിയമം നല്ല ഒരു പ്രബോധനപരമായ ഒരുക്കം നടത്തി. ദൈവത്തെ ആഴമായി സ്നേഹിച്ച് ആരാധിക്കാതെ, ദൈവത്തിൽനിന്നുള്ള അനുഗ്രഹങ്ങളും ഉപകാരങ്ങളും മറന്ന് മനുഷ്യർ പരസ്പരം കടന്നാക്രമിക്കുമെന്ന് യഹൂദജനതയുടെ ചരിത്രത്തിലൂടെ മനസിലാവുന്നു. മനുഷ്യഹൃദയം സംതൃപ്തിയില്ലാത്തതാണെന്നൊരു ലോകദർശനമാണുണ്ടായിരുന്നത്.

2. ആത്മീയമായി ദാരിദ്ര്യമനുഭവിക്കുന്ന ജനമാണു ലോകത്തിൽ നിറയെ ഉണ്ടായിരുന്നത്. സ്വയാരാധനവഴിയും ലൗകിക സുഖങ്ങളെയും ദേവന്മാരെയും തത്വശാസ്ത്ര സംഹിതകളെയും ആരാധിച്ചും ശൂന്യവും വരണ്ടതുമായി എല്ലാം മാറിയിരുന്നു. ആത്മാവിന് അതിന്റെ വിശപ്പകറ്റാനുള്ള തയ്യാറെടുപ്പുമായി കഴിഞ്ഞിരുന്നു.

3. റോമൻ ഭരണത്തിൻ കീഴിൽ ലോകത്തിൽ സമാധാനമുണ്ടായിരുന്നു. സുവിശേഷം ഒരു തടസ്സവുമില്ലാതെ ലോകം മഴുവൻ വ്യാപിക്കാൻ തക്കവിധം തുറന്ന വാതിലുമായി തയ്യറായിക്കഴിഞ്ഞിരുന്നു.

4. ലോകം മുഴുവനും തന്നെ ആശയവിനിമയം സാധ്യമാകുമാറ് ഗ്രീക്കുഭാഷ അടിസ്ഥാന ഭാഷയായി സംസാരിക്കപ്പെട്ടിരുന്നു.

5. ലോകത്തിന് ഒരു റോഡു സംവിധാനം വന്നു കഴിഞ്ഞിരുന്നു. ഇത് ക്രിസ്ത്യൻ മിഷനറിമാരെ അകലെയുള്ള സ്ഥലങ്ങളിൽ നിന്നും എത്താൻ സഹായിച്ചു. വ്യാപാര സഞ്ചാരികൾക്ക് ക്രിസ്ത്യാനികൾ തിങ്ങിപ്പാർത്തിരുന്ന വലിയ പട്ടണങ്ങളിലേയ്ക്ക് എത്തിപ്പെടാനും ഇതു സഹായകരമായി.

**മാർക്കോ 1:15** അവൻ പറഞ്ഞു: സമയം പൂർത്തിയായി, ദൈവരാജ്യം സമീപിച്ചിരിക്കുന്നു. അനുതപിച്ച് സുവിശേഷത്തിൽ വിശ്വസിക്കുവിൻ.

**ഗലാ 4:4** എന്നാൽ കാലസമ്പൂർണ്ണത വന്നപ്പോൾ ദൈവം തന്റെ പുത്രനെ അയച്ചു. അവൻ സ്ത്രീയിൽ നിന്നു ജാതനായി; നിയമത്തിന് അധീനനായി ജനിച്ചു.

**1. തിമോ 2:6** അവൻ എല്ലാവർക്കും വേണ്ടി തന്നെത്തന്നെ മോചനമൂല്യമായി നല്കി. അവൻ യഥാകാലം നല്കപ്പെട്ട ഒരു സാക്ഷ്യവുമായിരുന്നു.

**തീത്തൂസ് 1:3** ഈ പ്രത്യാശ വ്യാജം പറയാത്തവനായ ദൈവം യുഗങ്ങൾക്കു മുമ്പു വാഗ്ദാനം ചെയ്തിട്ടുള്ളതും തമക്കസമയത്ത് തന്റെ വചനത്തിന്റെ പ്രഘോഷണം വഴി വെളിപ്പെടുത്തിയിട്ടുള്ളതുമാണ്.

**ഹെബ്രാ 9:26** ആയിരുന്നെങ്കിൽ ലോകാരംഭം മുതൽ പല പ്രാവശ്യം അവൻ പീഡ സഹിക്കേണ്ടിവരുമായിരുന്നു. കാലത്തിന്റെ പൂർണ്ണതയിൽ തന്നെത്തന്നെ ബലി യർപ്പിച്ചുകൊണ്ട് പാപത്തെ നശിപ്പിക്കാൻ ഇപ്പോൾ, ഇതാ അവൻ ഒരിക്കൽ മാത്രം പ്രത്യക്ഷപ്പെട്ടിരിക്കുന്നു. □

## III ലൂക്കാ 01:28 മറിയത്തിനുള്ള ദൈവപ്രീതി

ദൈവത്തിന് ഏറെ പ്രസാദിച്ചവളായിരുന്നു മറിയം. വളരെ അർത്ഥവത്തും ലളിതവുമായ മൂന്നു കാര്യങ്ങൾ മറിയത്തോടു പറയപ്പെട്ടു.

1. ദൈവത്താൽ ഏറെ പ്രസാദിക്കപ്പെട്ടവളാണ് അവൾ. അവളെങ്ങനെയാണ് ദൈവപ്രീതിക്കു പാത്രമായതെന്ന് ആദ്യം പറയാതെ, മിശിഹായ്ക്കു ജന്മം നല്കാനും അമ്മയാകാനും ദൈവം അവളെ തിരഞ്ഞെടുത്ത കാര്യമാണ് മാലാഖ ആദ്യം പറഞ്ഞതെന്ന വസ്തുത ശ്രദ്ധിക്കുക. സംഭാഷണം തുടരുമ്പോഴാണ്, ഇക്കാര്യം പിന്നീടാണ് വരുന്നത്. തന്റെ ദർശനത്താലുള്ള ഞടുക്കം മാറി സാധാരണ നിലയിലെത്താൻ മാലാഖ നിശ്ചിത സമയം അവൾക്കു നല്കി. ഏതായാലും അവൾ ദൈവപ്രീതിക്ക് മറ്റാരെക്കാളും പാത്രീഭൂത യായെന്ന് അവൻ പ്രഖ്യാപിച്ചു.

   ***വിചിന്തനം 1:*** ചിന്തിക്കുക. ദൈവം നമ്മെ സ്നേഹിക്കുന്നു. അവൻ നമ്മെ രക്ഷിക്കുകയും നമുക്കു സമ്മാനങ്ങൾ നല്കുകയും നമ്മെ ഉപയോഗിക്കുകയും ചെയ്യുന്നു. ദൈവത്തിൽ നിന്നും നന്മകൾ ലഭിക്കുന്നതിനായി സർവ്വപ്രപഞ്ചത്തിന്റെയും നാഥനായ ദൈവം എപ്പോൾ വേണമെങ്കിലും നമ്മെ തിരഞ്ഞെടുക്കാം.

2. മറിയത്തിന്റെ കൂടെ കർത്താവുണ്ടായിരുന്നു. അവൾ ജീവിതത്തിൽ തനിച്ചായിരുന്നില്ല. ദൈവം അവളോടൊത്തുണ്ടായിരുന്നു. ദൈവം അവളിൽ പ്രസാദിക്കാനും കൂടെ ആയിരി ക്കാനും തക്കവിധം മറിയത്തിന്റെ ജീവിതം ദൈവഹിതപ്രകാരമായിരുന്നു. അവൾ, തന്റെ കൂടെയായിരിക്കാനും ജീവിതത്തെ നയിക്കാനും ദൈവത്തെ അനുവദിച്ചു. ഇതിനർത്ഥം...

   * ദൈവം കഴിഞ്ഞകാലത്തും അവളുടെ കൂടെയുണ്ടായിരുന്നു.
   * ഇപ്പോൾ അവളുടെ കൂടെയുണ്ട്.
   * ഭാവിയിലും അവളോടൊത്തുണ്ടാവും.

   ദൈവം അവളുടെ കൂടെയുണ്ടാവുമെന്ന വാഗ്ദാനത്തിന്മേൽ അവളെങ്ങോട്ടു പോകണം, എന്തു ചെയ്യണം, എന്നതൊന്നും മറിയത്തിന് പ്രശ്നമല്ലാതായി മാറി.

## IV ലൂക്കാ 01:29-30 മറിയത്തിന്റെ അഗാധ എളിമ

മറിയം വളരെ മാനുഷികമായ ഭാവമുള്ളവളായിരുന്നു. അവൾക്ക് പേടിയും പ്രശ്നങ്ങളും ഉണ്ടായിരുന്നു. ദൈവത്തിൽനിന്നുള്ള ഒരു ദൈവദൂതന്റെ സാന്നിധ്യം അവളെ പേടിപ്പിച്ചത് മനസിലാക്കാവുന്നതേയുള്ളൂ. ദൈവത്തിൽ നിന്നാണെന്നു താൻ വന്നതെന്നു വെളിപ്പെടുത്താനായി തന്റെ സർവ്വ പ്രതാപത്തിലും ആണ് ദൂതൻ നിന്നിരുന്നത്. ഇത്തരത്തിൽ മറിയം സംശയാലുവായതിനെ അത്ര ഗൗരവമായി പരിഗണിക്കേണ്ട കാര്യമില്ല.

1. മറിയത്തിന് ദൂതന്റെ വാക്കുകളിലാണ് ഉൽക്കണ്ഠ ഉളവായത്. ദൂതന്റെ സന്ദേശമാണ് അസ്വസ്തതക്കു കാരണം.

   * അവൾ ഏറെ ദൈവപ്രീതിയുള്ളവളും
   * ദൈവം കൂടെയുണ്ട് എന്ന ദൈവദൂതന്റെ പ്രഖ്യാപനവുമാണ് അസ്വസ്തതക്കു കാരണമായത്.

   ***വിചിന്തനം 1:*** ക്രിസ്തു വന്നു കഴിഞ്ഞതിനാൽ ഏതൊരു വ്യക്തിക്കും

   * ദൈവപ്രസാദം ഉണ്ടാവാം.
   * കർത്താവിന്റെ സാന്നിധ്യം ഉണ്ടാകാം.

2. അവളെപ്പോലൊരു വ്യക്തിയെ ദൈവം എങ്ങനെ ഇത്രമാത്രം ഇഷ്ടപ്പെട്ടു എന്നതിലാണ് അവളുടെ ആശങ്ക. അവൾ അത്രയും ഒരിക്കലും പ്രതീക്ഷിച്ചിട്ടില്ലായിരുന്നു. ഇതാണ് ആഴമായ എളിമ. മറ്റുള്ളവരുടെ ശ്രദ്ധ കിട്ടാനോ യോഗ്യതയുണ്ടെന്ന് തോന്നിപ്പിക്കാനോ ശ്രമിക്കുന്ന സ്വയം കേന്ദ്രീകൃതവും പൊങ്ങച്ചക്കാരിയും മറ്റുമായ ഒരു സ്ത്രീയായിരുന്നില്ല മറിയം. ദൈവത്തെ സ്നേഹിച്ചവളും ശുദ്ധവും ഉത്തരവാദിത്വപൂർണ്ണമായ ജീവിതം നയിക്കാൻ തീരുമാനിച്ചവളുമായ ഒരു യുവതിയാണവൾ. അതുപോലെതന്നെ, അവളുടെ ആത്മാവ് വളരെ ശാന്തവും സ്നേഹമുള്ളതും മൃദുലവും എന്തിനും സന്നദ്ധവും ദാനശീലമുള്ളതും ചിന്തിക്കുന്നതും ആണെന്നൊക്കെ അവളുടെ മറുപടിയിൽ നിന്നു മനസിലാക്കാം. താൻ ഒരു പ്രത്യേകതയുള്ള വ്യക്തിയാണ് എന്ന് അവൾ സ്വപ്നം കണ്ടിരുന്നില്ല. അതുകൊണ്ടുതന്നെയാണ് ദൈവം അവളെ തിരഞ്ഞെടുത്തതിൽ അവൾ അസ്വസ്തയായത്. ദൈവത്തിനുവേണ്ടി എന്തെങ്കിലും ചെയ്യാൻ ഒരു സാധാരണക്കാരിയായ തനിക്കു എങ്ങനെ കഴിയും എന്ന് അവൾ പരിഭ്രമിച്ചു. എത്രയോ ഉദാത്തമായ ഒരു മാതൃകയാണ്.

   **യാക്കോ 4:6** അവിടുന്ന് കൃപാവരം ചൊരിയുന്നു. അതുകൊണ്ടാണ് ഇങ്ങനെ എഴുതിയിരിക്കുന്നത്; ദൈവം അഹങ്കാരികളെ എതിർക്കുകയും എളിമയുള്ളവർക്കു കൃപ കൊടുക്കുകയും ചെയ്യുന്നു.

   **ഏശ 66:2** കർത്താവ് അരുളിച്ചെയ്യുന്നു. ഇവയെല്ലാം എന്റെ കരഘോഷമാണ്. ഇവയെല്ലാം എന്റേതുതന്നെ. ആത്മാവിന് എളിമയും അനുതാപവും ഉണ്ടായിരിക്കുകയും എന്റെ വചനം ശ്രവിക്കുമ്പോൾ വിറയ്ക്കുകയും ചെയ്യുന്നവനെയാണ് ഞാൻ കടാക്ഷിക്കുന്നത്.

   **സങ്കീ 138:6** കർത്താവ് മഹോന്നതനാണെങ്കിലും താണവരെ കടാക്ഷിക്കുന്നു; അഹങ്കാരികളെ അവിടുന്ന് അകലെവച്ചുതന്നെ അറിയുന്നു.

## V ലൂക്കാ 01:31-33 ഈശോമിശിഹായുടെ ദിവ്യത്വം

എങ്ങനെയാണ് ദൈവം അവളിൽ പ്രസാദിച്ചതെന്ന് ദൂതൻ മറിയത്തോടു പറഞ്ഞു: ഈശോമിശിഹായെ ഗർഭം ധരിക്കേണ്ടവളും മശിഹായുടെ അമ്മയാകേണ്ടവളുമാണവൾ. മറിയത്തിന്റെ മകനെക്കുറിച്ചുള്ള പ്രസക്തമായ മൂന്ന കാര്യങ്ങൾ ശ്രദ്ധിക്കുക.

1. *അവന്റെ നാമം:* മിശിഹായെ ഈശോ എന്നു വിളിക്കണമെന്ന് മറിയത്തോട് പറയപ്പെട്ടു (*ഈശോ*, ലൂക്കാ 1:31 കാണുക).

2. അവനിലെ മഹത്തായ വ്യക്തിത്വം

a. അവൻ അത്യുന്നതന്റെ പുത്രനെന്ന് വിളിക്കപ്പെടേണ്ടിയിരിക്കുന്നു. ഏറ്റവും അത്യുന്നതൻ, തീർച്ചയായും ദൈവമാണ്. അതുകൊണ്ട് യേശു ദൈവത്തിന്റെ പുത്രനാണ്. അതായത് ദൈവം തന്നെ. “അവൻ സർവ്വാധിപനായ ദൈവവും എന്നേക്കും വാഴ്ത്തപ്പെട്ടവനുമാണ്. ആമ്മേൻ.” (റോമ 9:5)

b. അവൻ ദാവീദിന്റെ പുത്രനാണ്. ദാവീദിൽ നിന്നും അധികാരം (സിംഹാസനം) ലഭിച്ചവൻ. ദാവീദിന്റെ വംശം. ഇത് സൂചിപ്പിക്കുന്നത് മറിയം ദാവീദിന്റെ പിൻമുറക്കാരിൽ പെട്ട താണെന്നും അതിനാൽ ക്രിസ്തുവും അതിൽതന്നെ ദാവീദിന്റെ പിൻമുറക്കാരനാകുന്നു എന്നുമാണ്. (*യേശുക്രിസ്തു: ദാവീദിന്റെ പുത്രൻ*; ലൂക്കാ 1:32–33 കാണുക).

3. *അവന്റെ അനശ്വരമായ രാജത്വം:* യേശു പഠിപ്പിച്ചിരുന്നത് അവന്റെ രാജ്യം ഈ ഭൂമിയിലെ രാജത്വമല്ല. കാരണം, ഈ ഭൂമിയിലുള്ള ഒന്നും നിലനിൽക്കുന്നില്ല (യോഹ 19:36). അതുകൊണ്ട് അവിടുത്തെ രാജ്യം ആത്മീയമായതും അനശ്വരമായതുമായിരിക്കണം.

### ലൂക്കാ 01:31 യേശു (IESOUS)

യേശു എന്നാൽ രക്ഷകൻ. അവൻ രക്ഷിക്കും. ഹീബ്രു മൂലം ജോഷ്വാ (yasha)എന്നാണ്. അതിനർത്ഥം രക്ഷ യഹോവയാണ്. അല്ലെങ്കിൽ അവനാണ് രക്ഷകൻ എന്നാണ്. നാശത്തിലേക്കു നയിക്കുന്ന ഭയാനകമായ കാര്യങ്ങളിൽ നിന്നും രക്ഷിക്കുക എന്നതാണ് വിടുതൽ എന്നതുകൊണ്ടു വിവക്ഷിക്കുന്നത്. (യോഹ 3:16). (ലൂക്കാ 9:23; റോമ 8:3; ഗലാ 1:4; ഹെബ്ര 2:14–18; 7:25) ☐

### ലൂക്കാ 01:32-33 യേശുക്രിസ്തു, ദാവീദിന്റെ പുത്രൻ

> *“അവൻ വലിയവനായിരിക്കും; അത്യുന്നതന്റെ പുത്രൻ എന്നു വിളിക്കപ്പെടും. അവന്റെ പിതാവായ ദാവീദിന്റെ സിംഹാസനം ദൈവമായ കർത്താവ് അവനു കൊടുക്കും. യാക്കോബിന്റെ ഭവനത്തിൻമേൽ അവൻ എന്നേക്കും ഭരണം നട ത്തും. അവന്റെ രാജ്യത്തിന് അവസാനം ഉണ്ടാകയില്ല.”* ***ലൂക്കാ 01:32-33***

ക്രിസ്തു, ദാവീദിന്റെ പുത്രനാണ്, ദാവീദിന്റെ പിൻമുറക്കാരൻ. രണ്ടു കാര്യങ്ങൾ ശ്രദ്ധിക്കുക.

1. ക്രിസ്തു ദാവീദിൻ സിംഹാനത്തിലേറി. എന്നാൽ ഇത് ജനങ്ങൾ നൽകിയ സിംഹാ സനമല്ല. അവൻ അവരെ ഭരിക്കാൻ അവർ സമ്മതിക്കുകയില്ല. ഈ സിംഹാസനം

അവന് ദൈവം നൽകിയതാണ്. ദൈവമാണ് അവന് സിംഹാസനം നൽകിയതും ജനങ്ങളുടെ മേൽ അധികാരം നല്കിയതും. (മത്താ 1:1)

2. യാക്കോബിന്റെ ഭവനത്തിന്മേൽ ഭരണം നടത്താനും അവന്റെ രാജ്യം എന്നെന്നേയ്ക്കുമായി അവകാശമാക്കുവാനും ലഭിച്ച വാക്കിന്/ഉറപ്പിന് ആത്മീയമായും ഭൗതികമായും അർത്ഥമുണ്ട്. ലൗകികമായും നിത്യതയുടേതുമായ അർത്ഥം. □

## VI. ലൂക്കാ 01:34-35 മറിയത്തിന്റെ പ്രതികരണം

അത്ഭുതങ്ങൾ സംഭവിക്കുമെന്ന പ്രവചനം മറിയം വിശ്വസിച്ചു. പക്ഷേ, അവൾ ആശയക്കുഴപ്പത്തിൽ ആയിപ്പോയി. അവൾ ഈ സന്ദേശത്തെ സംശയിക്കുകയോ എതിർക്കുകയോ ചെയ്തില്ല. സഖറിയായെപ്പോലെ അടയാളം ആവശ്യപ്പെടുകയോ സൂചനകൾ ചോദിക്കുകയോ ചെയ്തില്ല (വാക്യം 18). കൂടുതൽ വിവരങ്ങൾ എളിമയോടെ ചോദിക്കുക മാത്രം ചെയ്തു. അവൾ കന്യകയായിരുന്നു. ഒരിക്കലും പുരുഷനെ അറിഞ്ഞിരുന്നില്ല. പുരുഷനെ അറിയാതെ എങ്ങനെ ഒരു കുഞ്ഞിനെ ഉദരത്തിൽ വഹിക്കാൻ സാധിക്കും. മറിയം ഗർഭിണിയായി കാണപ്പെട്ടു എന്നതിനെക്കുറിച്ച് എന്തെല്ലാം കാര്യങ്ങൾ പറയപ്പെട്ടു എന്നു കാണാം.

1. "പരിശുദ്ധാത്മാവ് നിന്റെ മേൽ ആവസിക്കും." ഈ ചിന്ത മനുഷ്യന്റേതല്ല; ദൈവത്തിന്റെ ആത്മാവിന്റെ പ്രവർത്തനമാണ്. എന്താണ് ദൈവാത്മാവിന്റെ പ്രവർത്തനം. ദൈവാത്മാവ് ദൈവവചനത്താൽ പ്രവർത്തിക്കുന്നു; സൃഷ്ടിക്കുന്നു; വീണ്ടും സൃഷ്ടിക്കുന്നു. ദൈവാത്മാവ് പറയുന്നു; പ്രവർത്തിക്കുന്നു. പരിശുദ്ധാത്മാവും മറിയവും തമ്മിൽ സ്വഭാവികമായ ഇണചേരൽ ഒന്നും നടന്നില്ല. പരിശുദ്ധാത്മാവ് പറഞ്ഞു; അത് സംഭവിച്ചു. (മനുഷ്യന്റെ അവിശ്വാസവും സ്വഭാവികമായ ചിന്തയും എത്ര വിഡ്ഢിത്തമാണ്!)

2. "ഉന്നതങ്ങളിൽ നിന്നുള്ള ശക്തി നിന്റെമേൽ ആവസിക്കും." ദൈവമാണ് ഇതെല്ലാം വേണ്ട വിധത്തിൽ ക്രമപ്പെടുത്തിയത്: കുഞ്ഞിന്റെ ഗർഭധാരണം; ഗർഭാവസ്ഥയിലുള്ള വളർച്ച; ജനനം; ജീവിതം, എല്ലാം സർവ്വശക്തനായ ദൈവത്തിന്റെ തണലിലും ചിറകിൻ കീഴിലുമായിരുന്നു. മാലാഖയുടെ സാന്നിദ്ധ്യമോ ശക്തിയോ അല്ല; മനുഷ്യന്റെയോ മറ്റെതെങ്കിലും സൃഷ്ടിയുടെയോ അല്ല, ദൈവികശക്തി എല്ലാ പ്രവർത്തനങ്ങളിലും കാണാൻ സാധിക്കും.

3. മറിയത്തിൽ നിന്നും ജനിച്ച കുഞ്ഞ് പരിശുദ്ധനാണ്; ദൈവത്തിന്റെ പുത്രൻ. 'ആരാണ് ദൈവപുത്രൻ?' പ്രധാന സൂചനകൾ ശ്രവിക്കുക.

=> നിത്യകന്യകയായ മറിയത്തിൽ നിന്നും ദൈവിക ശക്തിയാലും വാക്കാലും ജനിച്ച പരിശുദ്ധനാണ് അവൻ.

=> ദൈവത്തിന്റെ ശക്തിയാലും വാക്കാലും പ്രവർത്തിയാലും സ്ത്രീയിൽ നിന്നും ജന്മമെടുത്ത "ദൈവം അയച്ച സ്വന്തം പുത്രൻ;" അവൻ പരിശുദ്ധനാണ്. (ഗലാ. 4:4)

***വിചിന്തനം 1:*** വിശ്വാസികൾ അത്ഭുതങ്ങളിൽ വിശ്വസിക്കണം.

**മത്താ 17:20** യേശു പറഞ്ഞു: നിങ്ങളുടെ അൽപവിശ്വാസം കൊണ്ടുതന്നെ. സത്യമായി ഞാൻ നിങ്ങളോടു പറയുന്നു: നിങ്ങൾക്കു കടുകുമണിയോളം വിശ്വാസമുണ്ടെങ്കിൽ ഈ മലയോട് ഇവിടെനിന്നു മാറി മറ്റൊരു സ്ഥലത്തേക്കു പോവുക എന്നു പറഞ്ഞാൽ അത് മാറിപ്പോകും. നിങ്ങൾക്ക് യാതൊന്നും അസാധ്യമായിരിക്കുകയില്ല.

**മർക്കോ 9:23** യേശു പറഞ്ഞു: കഴിയുമെങ്കിലെന്നോ, വിശ്വസിക്കുന്നവന് എല്ലാ കാര്യങ്ങളും സാധിക്കും.

**സങ്കീ 37:5** നിന്റെ ജീവിതം കർത്താവിനു ഭരമേൽപ്പിക്കുക. കർത്താവിൽ വിശ്വാസ മർപ്പിക്കുക; അവിടുന്ന് നോക്കിക്കൊള്ളും.

**സുഭാ 3:5** കർത്താവിൽ പൂർണ ഹൃദയത്തോടെ വിശ്വാസമർപ്പിക്കുക; സ്വന്തം ബുദ്ധിയെ ആശ്രയിക്കുകയുമരുത്.

## VII. ലൂക്കാ 01:36-37 ദൈവത്തിന്റെ ശക്തി

ദൈവത്തിന് അസാധ്യമായി ഒന്നുമില്ല എന്ന് വിശ്വസിക്കാൻ മറിയം ധൈര്യപ്പെട്ടു. അസാധ്യമായ രണ്ടു കാര്യങ്ങളിലൂടെ ദൈവം മറിയത്തെ ധൈര്യപ്പെടുത്തി.

1. പ്രായം കവിഞ്ഞവളായിട്ടും തന്റെ ഇളയമ്മയായ ഏലീശ്വാ ഒരു കുഞ്ഞിനെ ഉദരത്തിൽ വഹിക്കുന്നുവെന്നും ഇത് ആറാം മാസമാണെന്നുമുള്ള വാർത്ത — ദൈവത്തിന്റെ ശക്തിയ്ക്കു പ്രായം കൂടിയ അവസ്ഥയില്ല. തന്റെ ഇളയമ്മ ഗർഭിണിയായി എന്നറിഞ്ഞ് എലിസബത്തിനെ സന്ദർശിക്കാൻ മറിയം പോയി. മറിയത്തിന്റെ ഈ സന്ദർശനം അവളെ കൂടുതൽ വിശ്വാസത്തിലേക്കു നയിച്ചു.
2. മനുഷ്യന് വളരെ കാര്യങ്ങൾ അസാധ്യമാണ്. മനുഷ്യന് എല്ലാം സാധ്യമായ കാര്യങ്ങളാണ് എന്നു പറയുന്നത് സത്യമേയല്ല. “ദൈവത്തിന് എല്ലാം സാധ്യമാണെന്ന്” മറിയം കേൾക്കു കയും ധ്യാനിക്കുകയും ചെയ്തപ്പോൾ അവൾ ധൈര്യവതിയായി. ഈ പ്രസ്താവന ലളിതവും ഹൃദയസ്പർശിയും എളുപ്പത്തിൽ ഓർമ്മിക്കാവുന്നതും മനസിലാക്കാവുന്നതുമാണ്.

***വിചിന്തനം 1:*** അപ്രധാനമായ വികാരങ്ങൾക്കും സാഹചര്യങ്ങൾക്കുമുപരി നാം ദൈവത്തിലും അവന്റെ ശക്തിയിലും വിശ്വസിക്കണമെന്ന് ദൈവം പ്രതീക്ഷിക്കുന്നു.

**മത്താ 19:26** യേശു അവരെ നോക്കി പറഞ്ഞു: മനുഷ്യർക്ക് ഇത് അസാധ്യമാണ്. എന്നാൽ ദൈവത്തിനെല്ലാം സാധ്യമാണ്.

**ജോബ് 42:2** അങ്ങേയ്ക്കെല്ലാം സാധിക്കുമെന്നും അങ്ങയുടെ യാതൊരു ഉദ്ദേശവും തടയാനാവുകയില്ലെന്നും ഞാനറിയുന്നു.

**സങ്കീ 115:3** നമ്മുടെ ദൈവം സ്വർഗത്തിലാണ്. തനിക്കിഷ്ടമുള്ളതെല്ലാം അവിടുന്നു ചെയ്യുന്നു.

## VII. ലൂക്കാ 01:38 മറിയത്തിന്റെ പൂർണമായ സമർപ്പണം

മറിയം തന്നെത്തന്നെ ദൈവത്തിനു സമർപ്പിച്ചു. അവളുടെ പ്രതികരണം വളരെ ചെറുതും തിടുക്കത്തിലുള്ളതുമായിരുന്ന ഒരു ചെറു വാചകമായിരുന്നു. എന്നിരുന്നാലും, അത് ഹൃദയസ്പർശിയും അർത്ഥവത്തുമായിരുന്നു.

1. ദാസി എന്ന വാക്കിനർത്ഥം അടിമയായ പെൺകുട്ടി എന്നാണ്. മറിയം അത് പറയുന്നതിലൂടെ ദൈവത്തിന്റെ സമ്പൂർണ അടിമയായി അവളെത്തന്നെ സമർപ്പിച്ചു.

2. ദൈവവചനമായിരുന്നു അവൾ ചെയ്യുവാൻ ആഗ്രഹിച്ചത്. ദൈവത്തെ അനുസരിക്കുന്നതിന് അവൾ പൂർണമായും കീഴടങ്ങി. അവൾ പൂർണ വിധേയത്വത്തോടെ അവിടുത്തെ (ദൈവത്തെ) സേവിക്കുകയും, ലക്ഷ്യപൂർത്തീകരണത്തിന് സ്വയം സമർപ്പിക്കുകയും ചെയ്തു. ദൈവം പറഞ്ഞതനുസരിച്ച് അവൾ പ്രവർത്തിച്ചു. മറിയത്തിന്റെ ദൈവത്തിലുള്ള ആശ്രയവും സമർപ്പണവും ചിന്തിക്കാവുന്നതിലുമപ്പുറമാണ്.

1. അവിവാഹിതയായ ഒരു അമ്മയായിരിക്കണമെന്ന ആശയം ഉണ്ടായിരുന്നു (ലൂക്കാ 1:26...; മത്താ 1:18). മറിയത്തിന്റെ കഥ അന്നത്തെ കാലത്ത് ആരു വിശ്വസിക്കും? വലിയ യോഗ്യതയുണ്ടോ എന്നു നോക്കാതെ ദൈവത്തിന്റെ ഹിതത്തിന് വിട്ടുകൊടുക്കുന്ന മനസാണ് ആവശ്യമായിരുന്നത്.

2. അവൾ ഗർഭവതിയാണെന്ന് യൗസേപ്പ് കണ്ടെത്തുന്നുണ്ട് (മത്താ 1:19). ഒരു മനുഷ്യന് താങ്ങാൻ കഴിയുമെന്നു പ്രതീക്ഷിക്കാവുന്നതിലുമപ്പുറമാണ് ഈ വിശ്വാസവഞ്ചനയും വ്യക്തിഹത്യയും വഴിയുള്ള ആഘാതം (മത്താ 1:20). യൗസേപ്പിന്റെ ഭാഗത്തുനിന്ന് സ്വാർത്ഥത പൂർണ്ണമായും മറക്കാനുള്ള സന്മനസാണ് ആവശ്യമായിരുന്നത്.

3. വ്യഭിചാരക്കുറ്റത്തിന് മരണശിക്ഷ വിധിക്കാവുന്ന ഭീഷണിയുണ്ടാകാവുന്നതാണ് (നിയമാ. 22:23...). അവൾ തെറ്റുകാരിയാണെന്നു കണക്കുകൂട്ടി, മറിയത്തിനു കല്ലെറിഞ്ഞു കൊല്ലപ്പെടാനുള്ള സാധ്യത ഉണ്ടാവേണ്ടതാണ്. (യോഹ 8:5)

***വിചിന്തനം 1:*** ദൈവതിരുമുമ്പിൽ പൂർണ്ണമായി അടിയറവു പറഞ്ഞാലേ, രക്ഷിക്കപ്പെടാനും ദൈവത്തെ ശുശ്രൂഷിക്കാനും സാധിക്കൂ.

**മത്താ 12:50** സ്വർഗ്ഗസ്ഥനായ എന്റെ പിതാവിന്റെ ഇഷ്ടം നിറവേറ്റുന്നവനാരോ അവനാണ് എന്റെ സഹോദരനും സഹോദരിയും അമ്മയും.

**ലൂക്കാ 14:33** ഇതുപോലെ, തനിക്കുള്ളതെല്ലാം ഉപേക്ഷിക്കാതെ നിങ്ങളിലാർക്കും എന്റെ ശിഷ്യനാകുക സാധ്യമല്ല.

**1 യോഹ 2:17** ലോകവും അതിന്റെ ദോഷങ്ങളും കടന്നുപോകുന്നു. ദൈവഹിതം പ്രവർത്തിക്കുന്നവനാകട്ടെ എന്നേയ്ക്കും നിലനിൽക്കുന്നു.

**സങ്കീ 140:8** എന്റെ ദൈവമേ, അങ്ങയുടെ ഹിതം നിറവേറ്റുകയാണ് എന്റെ സന്തോഷം, അങ്ങയുടെ നിയമം എന്റെ ഹൃദയത്തിലുണ്ട്.

**സങ്കീ 143:10** അങ്ങയുടെ ഹിതം അനുവർത്തിക്കുവാൻ എന്നെ പഠിപ്പിക്കണമേ! എന്തെന്നാൽ, അവിടുന്നാണ് എന്റെ ദൈവം! അങ്ങയുടെ നല്ല ആത്മാവ് എന്നെ നിരപ്പുള്ള വഴിയിലൂടെ നയിക്കട്ടെ!

**സുഭാ 23:26** മകനേ, ഞാൻ പറയുന്നത് ഹൃദയപൂർവ്വം കേൾക്കുക; എന്റെ മാർഗ്ഗം അനുവർത്തിക്കുക. ■